LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ സപ്ലൈകോയുടെ 8 മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. മണ്ണാർക്കാട്, സുൽത്താൻബത്തേരി, കൽപ്പറ്റ (2), മൂന്നാർ, തിരുവനന്തപുരം(2), നോർത്ത് പറവൂർ എന്നിവിടങ്ങളിലാണ് നിലവിൽ മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നത്.

(ബി) മലയോര പ്രദേശങ്ങൾക്കും ആദിവാസി മേഖലകൾക്കും തീരപ്രദേശങ്ങൾക്കും മുൻഗണന നൽകി ഗ്രാമ പ്രദേശങ്ങളിലാണ് കൂടുതൽ മൊബൈൽ മാവേലികൾ പ്രവർത്തിച്ചുവരുന്നത്. കൂടുതൽ മൊബൈൽ മാവേലികൾ ഈ പ്രദേശങ്ങളിൽ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

കേന്ദ്ര വിഹിതമായി അനുവദിച്ച ഭക്ഷ്യ സാധനങ്ങൾ

96 (162) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി എത്ര ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചുവെന്ന് ഇനം തിരിച്ച് വർഷാടിസ്ഥാനത്തിൽ വിശദീകരിക്കുമോ ;

(ബി) ഒരു വർഷം കേന്ദ്ര വിഹിതമായി കേരളത്തിന് ലഭിക്കേണ്ട ഭക്ഷ്യ ധാന്യങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് അനുവദിച്ച ഭക്ഷ്യധാന്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

(മെട്രിക്ക് ടണ്ണിൽ)

Year	*APL Rice Allotment*	*APL wheat Allotment*
2006-07	1361040	238420
2007-08	307008	224991
2008-09	298527	161324
2009-10	447672	141324
2010- 11	432672 + 97914 Ad hoc	141324+ 25128 Ad hoc

Year	BPL Rice Allotment	BPL Wheat Allotment
2006-07	320402	87733
2007-08	318792	83566
2008- 09	318792	83556
2009 -10	318792	83556
2010 -11	318792+ 47210 Ad hoc	83556 + 12374 Ad hoc

Year	AAY Rice Allotment	Annapurna Rice Allotment
2006-07	244473	3715.55
2007-08	250260	4950
2008-09	250260	5400
2009-10	250260	5400
2010-11	250260	2700

ഇവ കൂടാതെ ഉയർന്ന വിലയ്ക്കു വില്ക്കുന്നതിനായി 2009 ഓണക്കാലത്ത് 35000 മെ.ടൺ അരി 14.70 രൂപ നിരക്കിലും 25000 മെ.ടൺ ഗോതമ്പ് 11.60 രൂപ നിരക്കിലും അനുവദിക്കുകയുണ്ടായി. 2010 ജനുവരി, ഫെബ്രുവരി മാസങ്ങളിലേക്ക് കിലോഗ്രാമിന് 16.20 രൂപ വിൽപ്പനവിലയുള്ള 92114 മെ.ടൺ അരിയും 11.60 രൂപ വിൽപ്പന വിലയുള്ള 30086 മെ.ടൺ ഗോതമ്പും കേന്ദ്രം അനുവദിക്കുകയുണ്ടായി. 2010 ജൂൺ മുതൽ നവംബർ വരെയുള്ള മാസങ്ങളിലേക്ക് കിലോയ്ക്ക് 12.70 രൂപ വിൽപ്പനവിലയുള്ള 105818 മെ.ടൺ അരിയും 9.20 രൂപ വിൽപ്പനവിലയുള്ള 48052 മെ.ടൺ ഗോതമ്പും അധികമായി നൽകിയിട്ടുണ്ട്. 2010 ഓണക്കാലത്ത് 16.20 രൂപ നിരക്കിൽ 50000 മെ.ടൺ അരി അധികമായി അനുവദിച്ചിരുന്നു.

(ബി) ഒരു കാർഡുടമയ്ക്ക് 35 കിലോ ഭക്ഷ്യധാന്യങ്ങളാണ് അർഹതപ്പെട്ടത്. നിലവിൽ 5002862 എ.പി.എൽ. കാർഡുടമകളും 1460807 ബി.പി.എൽ. കാർഡുടമകളും 589946 എ.എ.വൈ. കാർഡുടമകളുമാണുള്ളത്. ടി വിഭാഗങ്ങൾക്ക് താഴെപ്പറയും പ്രകാരം ഭക്ഷ്യധാന്യങ്ങൾ പ്രതിവർഷം ആവശ്യമായിവരും.

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗം	ഗുണഭോക്താക്കൾ	ആവശ്യകത (35കിലോ/കാർഡ്) (മെ.ടൺ)	അരി (75%) (മെ.ടൺ)	ഗോതമ്പ് (25%) (മെ.ടൺ)
APL	5002862	2101202	1575902	525300
BPL	1460807	613539	460154	153385
AAY	589946	247777	247777	
APNA	44980	5398 (10 Kg/card)	5398	

മേലൂർ പഞ്ചായത്തിലെ അടിച്ചിലിയിൽ മാവേലി സ്റ്റോർ ആരംഭിക്കുവാൻ നടപടി

97 (163) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി സംസ്ഥാനത്ത് എത്ര മാവേലി സ്റ്റോറുകൾ ആരംഭിക്കുവാനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ചാലക്കുടി മണ്ഡലത്തിൽ ഉൾപ്പെട്ട മേലൂർ ഗ്രാമപഞ്ചായത്തിലെ അടിച്ചിലിയിൽ മാവേലി സ്റ്റോർ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ മാവേലി സ്റ്റോറുകളോ സപ്ലൈകോയുടെ മറ്റ് വിൽപ്പന ശാലകളോ ഇല്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകി ഈ സാമ്പത്തിക വർഷത്തിൽ 100 മാവേലി സ്റ്റോറുകൾ തുടങ്ങുവാനാണ് നടപടി സ്വീകരിച്ചു കൊണ്ടിരിക്കുന്നത്.

(ബി) പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുമ്പോൾ നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്കാണ് മുൻഗണന നൽകുന്നത്. മേലൂർ പഞ്ചായത്തിൽ നിലവിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ഒരു മാവേലി സ്റ്റോർ കൂടി ആരംഭിക്കണമെന്ന അപേക്ഷയിൻമേലുള്ള സാധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly